മലയാളത്തിന്റെ പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**
നിങ്ങളുമായി സംവദിക്കുന്നു

# ശിഹാബ്ക്കയോട് ചോദിക്കാം

**അമീബ മുതൽ തിമിംഗലം വരെ**

ശിഹാബ്ക്കാക്ക്... ഒട്ടേറെ ജീവജാലങ്ങളുണ്ട് ഭൂമിയിൽ... വൈവിധ്യങ്ങളുള്ളവ. എല്ലാവർക്കും ഓരോ ദൗത്യങ്ങളുണ്ടോ നമ്മെപ്പോലെ?

**അംന മൻസൂർ,** ക്ലാസ് 7
ഭവൻസ്, കോഴിക്കോട്

തീർച്ചയായും നല്ല ഒരു ചോദ്യമാണിത്. ഇതേപ്പറ്റി ചിന്തിച്ചാൽ നമ്മൾ അന്തംവിട്ടുപോകും. കോടാനുകോടി ജീവജാലങ്ങൾ... ഏകകോശ ജീവിയായ അമീബ തൊട്ട് കടലിലെ വൻകിട തിമിംഗലം വരെ. ആലോചിക്കും തോറും നമുക്ക് കൗതുകം ഇരട്ടിച്ചു കൊണ്ടിരിക്കും.

പ്രകൃതി എന്തിനാണ് ഇത്രയേറെ വിഭാഗക്കാരെ സൃഷ്ടിച്ചതെന്നറിയാമോ? ഈ ലോകം അങ്ങനെയാണ് മുന്നോട്ട് പോകുന്നത്. ഈ ജീവജാലങ്ങളൊക്കെ വേണം. ആരോഗ്യകരമായ ഒരു പ്രകൃതിയും പരിസ്ഥിതിയുമൊക്കെ അങ്ങനെയാണുണ്ടാവുന്നത്.



**ഇഷ്ടമുള്ളത് വായിക്കുക, ഇഷ്ടപ്പെട്ട് വായിക്കുക**

ശിഹാബ്ക്കാ, നോവൽ വായിക്കുന്നതാണോ ലേഖനങ്ങൾ വായിക്കുന്നതാണോ ചെറുകഥകൾ വായിക്കുന്നതാണോ ഏതാണ് വർദ്ധിപ്പിക്കേണ്ടത്? എനിക്ക് നോവൽ വായിക്കാനാണ് ഇഷ്ടം.

**ഹിസാന തസ്നി കെ.ടി**
മലപ്പുറം

എന്ത് വായിക്കണമെന്ന് തീരുമാനിക്കേണ്ടത് നമ്മൾ തന്നെയാണ്. സാഹിത്യഗ്രന്ഥങ്ങൾ പല വിഭാഗത്തിലുണ്ട്. നിങ്ങൾക്ക് കൂടുതൽ രസം നൽകുന്നത് വായിക്കുക. ഒരു മികച്ച വായനക്കാരൻ, വായനക്കാരി ആവാൻ അതു തന്നെയാണ് ആദ്യമായി വേണ്ടത്.

പിന്നീട് നിങ്ങൾ മറ്റു പുസ്തകങ്ങളിലേക്ക് പതിയെ പോയ്ക്കൊള്ളും. ഹിസാനക്ക് നോവലാണ് ഇഷ്ടമെങ്കിൽ അതു തന്നെ വായിക്കുക. നല്ല നോവലുകൾ തേടിപ്പിടിക്കാൻ മറക്കരുത്.

**അയ്യേ, മടിച്ചിട്ടീച്ചറാവല്ലേ!**

എനിക്ക് ടീച്ചറാവാനാണിഷ്ടം. അതിന് നന്നായി വായിക്കണം, പഠിക്കണം എന്നൊക്കെ എനിക്കറിയാം. പക്ഷേ, മടി വരുന്നു. അത് മാറാൻ എന്ത് ചെയ്യും ശിഹാബ്ക്കാ?

**ലിബ മെഹറീൻ**, ക്ലാസ്- 4
എം.ഐ.എ.എം യു.പി സ്കൂൾ,
ചെറുവട്ടൂർ

മെഹ്റീന്റെ ഈ ചോദ്യം വായിച്ചപ്പോൾ എനിക്ക് ശരിക്കും ചിരി വന്നു. എന്റെ ജൻമനാടായ കണ്ണൂരിൽ ഒരു പഴഞ്ചൊല്ലുണ്ട്. 'ശഹീദായി മരിക്കുകയും വേണം, അട്ടത്ത് നിന്ന് ഇറങ്ങേം ചെയ്യൂല!'

വെറും മോഹംകൊണ്ട് മാത്രം ഒന്നും നേടിയെടുക്കാനാവില്ല എന്നാണ് ഈ പഴഞ്ചൊല്ലിന്റെ അർത്ഥം.

എന്തുകൊണ്ടാണ് മടി വരുന്നത് എന്ന് സ്വയം ആലോചിച്ച് നോക്കണം. എന്നിട്ട് അത് തിരുത്തി മുന്നോട്ട് പോകാൻ ശ്രമിക്കണം. ഒരു ടീച്ചറാവുക എന്നത് നല്ല കാര്യം തന്നെ. പക്ഷേ, ഒരു മടിച്ചി ടീച്ചറെ നമുക്ക് വേണോ? ടീച്ചർ തന്നെ ഒരു മടിച്ചിയാണെങ്കിൽ കുട്ടികൾ ഒന്നടങ്കം മടിയൻമാരും മടിച്ചികളുമാവും.

കുട്ടികൾ മടിയൻമാരായാൽ സ്കൂൾ മടിയൻമാരുടെ കേന്ദ്രമാവും. സ്കൂൾ മടിയൻമാരുടെ കേന്ദ്രമായാൽ നാട് മുഴുവൻ മടിയൻമാരെക്കൊണ്ടും മടിച്ചികളെക്കൊണ്ടും നിറഞ്ഞ് നശിച്ച് നാനാവിധമാവില്ലേ മെഹ്റീനേ?

എന്തായാലും മടിയൊക്കെ കളഞ്ഞ് പഠിച്ച് മിടുക്കിയായി നല്ല ചുറുചുറുക്കുള്ള ഒരു നല്ല ടീച്ചറായി മെഹ്റീൻ മാറട്ടെ എന്ന് ആശംസിക്കുന്നു..

## ശിഹാബ്ക്കയോട് ചോദിക്കാം

നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്.

കത്തുകൾ അയക്കേണ്ട വിലാസം:
**ശിഹാബ്ക്കയോട് ചോദിക്കാം.**
മലർവാടി മാസിക, ഐ.എസ്.ടി ബിൽഡിംഗ്,
വെള്ളിമാടുകുന്ന്, കോഴിക്കോട്-12.
കൂടാതെ
malarvadimag@gmail.com
എന്ന ഇമെയിലിലും
8281572448
എന്ന വാട്സാപ് നമ്പറിലും അയക്കാം.

